"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ഭവനനിർമ്മാണ വകുപ്പ്- കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്- സർക്കാർ ഭൂമിയിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് വേണ്ടിയുള്ള ഭവന നിർമ്മാണ/വാടക വീട് പദ്ധതി- തുക അനുവദിച്ച് ഉത്തരവാകുന്നു.

---

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.52/2025/HSG തീയതി,തിരുവനന്തപുരം, 18-12-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 34/2017/ഭവനം തീയതി 06.06.2017.
2. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 25.06.2025-ലെ KSHB-HO/297/2024-AF1 നം. കത്ത്.
3. സ.ഉ.(സാധാ) നം. 9819/2025/ധന തീയതി 06.12.2025

## ഉത്തരവ്

2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി "സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്ക വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതി"-യ്ക്ക് പരാമർശം (1) പ്രകാരം 500.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിക്ക് 4216-01-106-94 ശീർഷകത്തിൽ Phase IV, V-നായി അനുവദിച്ച 109.35 ലക്ഷം രൂപ വിനിയോഗിച്ചുവെന്നും നിലവിൽ പദ്ധതിയുടെ 65% പൂർത്തീകരിച്ചതായും, കോൺട്രാക്ടർ സമർപ്പിച്ച ബില്ലുകൾ മാറി നല്കുന്നതിനായി ₹38,26,361/- റിലീസ് ചെയ്ത് നല്കണമെന്നും ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ "സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്ക് വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതി"-യുടെ മുൻ വർഷങ്ങളിൽ നടത്തിയ പ്രവൃത്തികളുടെ പെന്റിംഗ് ബില്ലുകൾ കോൺട്രാക്ടർക്ക് അനുവദിക്കുന്നതിനായി പരാമർശം (3) പ്രകാരം 4216-01-106-94 ശീർഷകത്തിൽ അധികധനാനുമതിയായി വകയിരുത്തിയ ₹38,26,361/- (മുപ്പത്തിയെട്ടു ലക്ഷത്തി ഇരുപത്തിയാറായിരത്തി മുന്നൂറ്റി അറുപത്തിയൊന്നു രൂപ മാത്രം) ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

1. 16.04.2018-ലെ സ. ഉ. (പി) നം. 62/2018/ധന യിലെ വ്യവസ്ഥയ്ക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.
2. 09.12.2008-ലെ സർക്കുലർ നം. 84/2008/ധനയും 30.1.2018-ലെ സർക്കുലർ നം. 08/2018/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.
3. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ. ഉ. (കൈ) നം.

04/2020/ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം

ആസൂത്ര സാമ്പത്തിക കാര്യ വകുപ്പ്

ധനകാര്യ (PU-C ) വകുപ്പ് (3225062/PU-C4/136/2025-FIN)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മിഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Krishnakumar S

Date: 19-12-2025 10:22:15

സെക്ഷൻ ഓഫീസർ